10.12.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 23-02-97

# കൂട്ടുകാരനെ കൂടെ വെച്ച് സാക്ഷിയും സന്തുഷ്ട സിംഹാസനധാരിയുമായിരിക്കൂ

ഇന്ന് വിശ്വമംഗളകാരി അച്ഛൻ വിശ്വത്തിന്റെ നാനാ ഭാഗത്തെയുംകുട്ടികളെകണ്ട്ഹർഷിതമാകുകയാണ്. എല്ലാകുട്ടികളുടെയും സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും രേഖകൾ കുട്ടികളുടെ മുഖത്തിലൂടെ കാണപ്പെടുന്നു. ഓരോരുത്തരുടെയുംഹൃദയത്തിൽ നിന്ന്എന്റെ ബാബ-ഈ പാട്ട് ബാപ്ദാദ കേൾക്കുകയാണ്. ബാപ്ദാദയും മറുപടിയായി പറയുകയാണ്-ഓ എന്റെഅതിപ്രിയ, അതിസ്നേഹി ഓമന മക്കളേ. ഓരോരോകുട്ടിയും പ്രിയപ്പെട്ടതുമാണ്, ഓമനയുമാണ്, എന്തുകൊണ്ട്? കോടിയിൽചിലർ, ചിലരിലുംചിലരാണ്. അപ്പോൾ ഓമനകളായില്ലേ! അപ്പോൾ ബാപ്ദാദയുംഓമന മക്കളെ കണ്ട് സന്തോഷിക്കുന്നു. കുട്ടികളെയുംസദാസന്തോഷത്തിൽ നൃത്തംചെയ്യുന്നത്കാണുന്നു, സദാകാണാനുമാഗ്രഹിക്കുന്നു. സന്തോഷത്തിൽ കഴിയുന്നുണ്ട്, എന്നാൽ ബാബ സദാഎന്ന് ആഗ്രഹിക്കുന്നു. സദാസന്തോഷമായിരിക്കുന്നുവോഅതോസന്തോഷത്തിൽവ്യത്യാസംവരുന്നുണ്ടോ? ഇടയ്ക്ക് വളരെ സന്തോഷം, ഇടയ്ക്ക് അൽപംകുറവ്, ഇടയ്ക്ക് വളരെ കുറവ്!

ബാബ ആദ്യമേ കേൾപ്പിച്ചിട്ടുണ്ട്-വർത്തമാനസമയത്ത് താങ്കൾ കുട്ടികളിൽ നിന്നുംവിശ്വത്തിന് ആ സേവനത്തിന്റെആവശ്യകതയുണ്ട്-മുഖത്തിലൂടെ, നയനങ്ങളിലൂടെ, രണ്ടുവാക്കുകളിലൂടെ ഓരോ ആത്മാവിന്റെയും ദു:ഖംദൂരീകരിച്ച്സന്തോഷം നൽകൂ. താങ്കളെകാണുന്നതും സന്തുഷ്ടമാകണം, അതിനാൽ പ്രസന്നമുഖവും പ്രസന്നമൂർത്തിയുംസദാആയിരിക്കണം. എന്തെന്നാൽ മനസിന്റെ സന്തോഷം മുഖത്തിലൂടെസ്പഷ്ടമായികാണപ്പെടുന്നു. എത്ര തന്നെ ആര്അലയുന്നവരായി, പരവശരായി, ദു:ഖത്തിന്റെഅലകളിൽവരട്ടെ, സന്തോഷത്തിൽകഴിയുന്നത് അസംഭവ്യമെന്നും കരുതിക്കോട്ടെ, എന്നാൽതാങ്കളുടെമുന്നിൽവരുന്നതും, താങ്കളുടെരൂപം, താങ്കളുടെ മനോവൃത്തി, താങ്കളുടെദൃഷ്ടി ആത്മാവിന്റെ പരിവർത്തനപ്പെടുത്തട്ടെ. ഇന്ന് മനസ്സന്തോഷത്തിനു വേണ്ടി എത്ര ചെലവുചെയ്യുന്നു, എത്ര മനോരസത്തിനുള്ള പുതിയ പുതിയ സാധനങ്ങളുണ്ടാക്കുന്നു. അതാണ് അൽപകാലത്തെ സാധനം, താങ്കളുടേതാണ്സദാകാലത്തെ സത്യമായ സാധന. അപ്പോൾസാധന ആ ആത്മാക്കളെ പരിവർത്തനപ്പെടുത്തട്ടെ. അയ്യോഅയ്യോഎന്നുവരട്ടെ, ആഹാആഹായുമായി പോകട്ടെ. ആഹാഅത്ഭുതമാണ് - പരമാത്മആത്മാക്കളുടേത്! അപ്പോൾ ഈ സേവനം ചെയ്യൂ. സമയം പ്രതിസമയം എത്രത്തോളം അൽപകാലത്തെ സാധനങ്ങളാൽ പരവശരാകുന്നുവോ, ഇങ്ങനെയുള്ള സമയത്ത് താങ്കളുടെ സന്തോഷംഅവർക്ക് ആശ്രയമായിമാറും. എന്തെന്നാൽതാങ്കളാണ് സന്തോഷത്തിന്റെസൗഭാഗ്യശാലികൾ. സൗഭാഗ്യശാലികളാണോഅല്ലയോ? പകുതിയല്ലല്ലോ? സൗഭാഗ്യശാലികൾതന്നെയാണ്. താങ്കളെപ്പോലെ സൗഭാഗ്യശാലികൾ മുഴുവൻ കൽപത്തിൽഒരാത്മാക്കളുമില്ല. ഇത്രയുംലഹരിമുഖത്തും പെരുമാറ്റത്തിലും അനുഭവംചെയ്യിക്കൂ. ചെയ്യാൻ കഴിയുമോഅതോചെയ്യിക്കുന്നുണ്ടോ?

ബ്രാഹ്മണജീവിതത്തിൽ അഥവാ സന്തോഷമില്ലെങ്കിൽ ബ്രാഹ്മണനായിട്ട്എന്തുചെയ്തു! ബ്രാഹ്മണജീവിതം എന്നാൽസന്തോഷത്തിന്റെജീവിതം. ഇടയ്ക്കിടെ ബാപ്ദാദകാണുന്നു, ചിലചിലരുടെ മുഖമുണ്ടല്ലോ അത്കുറേശ്ശെ.. എന്താകുന്നു? നന്നായിഅറിയാം, അതാണ്ചിരിക്കുന്നത്. അപ്പോൾ ബാപ്ദാദയ്ക്ക് ഇങ്ങനെയുള്ളമുഖം കണ്ട് ദയയുംവരുന്നു, അൽപം ആശ്ചര്യവുംതോന്നുന്നു. എന്റെകുട്ടികളാണ്, എന്നിട്ട്ഉദാസീനം! എന്താസംഭവിക്കുകസാധ്യമാണോ? ഇല്ലല്ലോ! ഉദാസീനർ അർഥംമായയുടെദാസ്യർ. എന്നാൽതാങ്കളാണെങ്കിൽമാസ്റ്റർമായാപതികളാണ്. മായ താങ്കൾക്കുമുന്നിൽ എന്താണ്? ഉറുമ്പു പോലുമല്ല, ചത്ത ഉറുമ്പ്. ദൂരെ നിന്ന്തോന്നുംജീവനുണ്ട്എന്നാൽചത്തതാണ്. കേവലം ദൂരെ നിന്ന്തിരിച്ചറിയാനുള്ള ശക്തിവേണം. ബാബയുടെ ജ്ഞാനം വിസ്താരത്തിൽഅറിയുന്നതു പോലെ, മായയുടെയും ബഹുരൂപീരൂപത്തിന്റെ തിരിച്ചറിവ്, ജ്ഞാനം നല്ല രീതിയിൽ ധാരണചെയ്യൂ. അത്വെറുതെ പേടിപ്പിക്കുക മാത്രമാണ്, കൊച്ചുകുട്ടികളെ അച്ഛനുമമ്മയും നിർഭയരാക്കുവാൻ വേണ്ടി പേടിപ്പിക്കുന്നതു പോലെ. ഒന്നും ചെയ്യുകയില്ല, മനപൂർവം പേടിപ്പിക്കാൻ വേണ്ടി ചെയ്യുകയാണ്. ഇങ്ങനെ മായയും തന്റേതാക്കുവാൻ ബഹുരൂപം ധാരണ ചെയ്യുന്നു. ബഹുരൂപം ധാരണ ചെയ്യുമ്പോൾ താങ്കളും ബഹുരൂപിയായിഅതിനെ തിരിച്ചറിയൂ. തിരിച്ചറിയാൻ കഴിയുന്നില്ലല്ലേ, അപ്പോൾ എന്തു കളി കളിക്കും, യുദ്ധം ചെയ്യാൻ ആരംഭിക്കുന്നു-അയ്യോ മായവന്നു! യുദ്ധം ചെയ്യുന്നതിലൂടെ മനസും ബുദ്ധിയും ക്ഷീണിക്കുകയും ചെയ്യുന്നു. പിന്നെ ക്ഷീണത്തിൽഎന്തു പറയുന്നു? മായ വലിയ പ്രബലമാണ്, മായ വളരെ തീവ്രമാണ്. ഒന്നുമല്ല. താങ്കളുടെ ദുർബലത ഭിന്ന ഭിന്ന മായയുടെ രൂപമായി മാറുന്നു. അപ്പോൾ ബാപ്ദാദസദാ

ഓരോ കുട്ടിയെയും സൗഭാഗ്യത്തിൻരെ ലഹരിയിൽ, സന്തുഷ്ടമുഖത്തോടെ, സന്തോഷത്തിന്റെ ടോണിക്കിനാൽ ആരോഗ്യശാലിയായി, സദാ സന്തോഷത്തിന്റെ ഖജനാക്കളാൽ സമ്പന്നമായി കാണാൻ ആഗ്രഹിക്കുന്നു. ജീവിതത്തിൽ വേണ്ടത് എന്താണ്? ടോണിക്കും ഖജനാവും. മറ്റെന്താണ് വേണ്ടത്? അപ്പോൾ താങ്കളുടെ അടുക്കൽ സന്തോഷത്തിന്റെ ടോണിക്കുണ്ടോ അതോ സ്റ്റോക്ക് ഇടയ്ക്ക് അവസാനിക്കുന്നുണ്ടോ? സന്തോഷത്തിന്റെ ഖജനാവ് അളവറ്റതാണ്. അളവറ്റതല്ലേ? എത്ര ചിലവാക്കുന്നുവോ അത്രയും വർധിക്കുന്നു. അഥവാമറ്റൊരു പുരുഷാർഥവുംചെയ്യേണ്ട, ഒരേയൊരു ലക്ഷ്യംവെക്കൂ-എന്തുംസംഭവിക്കട്ടെ, മനസിന്റെ സ്ഥിതിയിലൂടെയാകട്ടെ, ഏതെങ്കിലും അന്യആത്മാക്കളിലൂടെയാകട്ടെ, പ്രകൃതിയിലൂടെയാകട്ടെ, അന്തരീക്ഷത്തിലൂടെയാകട്ടെ എന്തും സംഭവിക്കട്ടെ എനിക്ക് സന്തോഷം വിടാൻ പാടില്ല. ഇത് സഹജ പുരുഷാർഥമല്ലേ അതോ സന്തോഷം വഴുതിപ്പോകുന്നുണ്ടോ? സഹജമാണോ അതോ ഇടയ്ക്കിടെ പ്രയാസമാണോ? ദൃഢസങ്കൽപം വെക്കൂ , പ്രശ്നങ്ങളെ മറക്കൂ. ഒരു കാര്യം പക്കയാക്കി വെക്കൂ- എനിക്ക് സന്തോഷമായിരിക്കണം. അപ്പോൾ പ്രശ്നങ്ങളെ എന്തായിതോന്നും, കളി. തന്റെ കളി കാണുന്നതിന് സാക്ഷിയുടെ സീറ്റിൽ സദാ സ്ഥിതിചെയ്യൂ. ആരെങ്കിലും അപമാനിക്കുന്നവരാകട്ടെ, താങ്കളെ പരവശപ്പെടുത്തി സ്വന്തം സാക്ഷിത്വത്തിൻറെ അന്തസ്സിൽ നിന്ന് താഴെയിറക്കുന്നവരാകട്ടെ, എന്നാൽ താങ്കൾ സാക്ഷിസീറ്റിൽ നിന്ന് താഴെയിറങ്ങാതിരിക്കൂ. താഴെ വരുമ്പോഴാണ് സന്തോഷം കുറയുന്നത്.

ബാപ്ദാദ ആദ്യമേ രണ്ടുവാക്ക് കേൾപ്പിച്ചിട്ടുണ്ട്-സാഥിയും സാക്ഷിയും. ബാപ്ദാദ കൂടെയുണ്ടെങ്കിൽ സാക്ഷിയുടെ സീറ്റ് സദാ ശക്തമായിരിക്കും. എല്ലാവരും പറയുന്നുണ്ട്, ബാപ്ദാദ കൂടെയുണ്ട്, ബാപ്ദാദ കൂടെയുണ്ട്, എന്നാൽമായയുടെ പ്രഭാവവും വീഴുന്നു പറഞ്ഞു കൊണ്ടേയിരിക്കുന്നു ബാപ്ദാദ കൂടെയുണ്ട്, ബാപ്ദാദ കൂടെയുണ്ട്. എന്നാൽ കൂട്ടിനെ ഇങ്ങനെയുള്ള സമയത്ത് ഉപയോഗിക്കുന്നില്ല, അകറ്റുന്നു. ആരെങ്കിലും കൂടെയുണ്ടെങ്കിലും വലിയ എന്തെങ്കിലും കാര്യമുണ്ടായി, അല്ലെങ്കിൽ സംഭവമുണ്ടാകുന്നു, അപ്പോൾ കൂട്ട് ഒരിക്കലും ആലോചിക്കുകയേയില്ല, സംഭവങ്ങളിലേക്ക്വീഴുന്നു. ഇങ്ങനെ കൂടെയുണ്ട്, ഇത് അംഗീകരിക്കുന്നുമുണ്ട്, അനുഭവവും ചെയ്യുന്നുണ്ട്. ആരെങ്കിലും പറയുമോ കൂടെയില്ലഎന്ന്? ആരും പറയില്ല. എല്ലാവരും പറയുന്നു എന്റെ കൂടെയുണ്ട്, ഇതും പറയില്ല -നിന്റെ കൂടെയുണ്ട്. ഓരോരുത്തരും പറയുന്നു-എന്റെ കൂടെയുണ്ട്. എന്റെ കൂട്ടുകാരനാണ്. മനസുകൊണ്ട് പറയുകയാണോ വായിലൂടെയോ? മനസുകൊണ്ട് പറയുന്നുണ്ടോ?

ബാപ്ദാദ കളി കാണുകയാണ്, ബാബ കൂടെയിരിക്കുന്നുണ്ട്, തന്റെ പരിതസ്ഥിതികളിൽ, അതിനെ നേരിടുന്നതിൽ ഇത്രയും മത്തു പിടിച്ചിരിക്കുന്നു, നോക്കുന്നതേയില്ല-കൂടെ ആരാണ്എന്ന്. അപ്പോൾ ബാബയും എന്തുചെയ്യും? ബാബയും സാഥിയിൽ നിന്ന് സാക്ഷിയായി കളി കാണുന്നു. ഇങ്ങനെ ചെയ്യില്ലല്ലോ അല്ലേ. കൂട്ടുകാരൻ എന്ന് പറയുന്നുവെങ്കിൽ കൂട്ട് നിറവേറ്റൂ, എന്തിനാണ്അകറ്റുന്നത്? ബാബയെ നല്ലതായി തോന്നുന്നില്ല. ബാബ ഇതേ ശുഭആശയാണ് വെക്കുന്നത്, ഓരോകുട്ടിയും സ്വരാജ്യഅധികാരിയിൽ നിന്ന് വിശ്വഅധികാരിയാകണം, ആണ് താനും. താങ്കളെന്താ പ്രജയാണോ? പ്രജയാകേണ്ടതല്ലോ? രാജാക്കന്മാർ, മഹാരാജാക്കന്മാർ, വിശ്വരാജാക്കന്മാരല്ലേ! പ്രജകളെ ഉണ്ടാക്കുന്നവരാണ്, പ്രജയാകുന്നവരല്ല. രാജാവാകുന്നവർ, പ്രജയെ ഉണ്ടാക്കുന്നവർ. അപ്പോൾ രാജാവ് എവിടെയാണ് ഇരിക്കുക? സിംഹാസനത്തിലല്ലേ ഇരിക്കുക? പ്രാക്ടിക്കലിൽ രാജാവിന്റെ ലഹരിയിലാണെങ്കിൽ സിംഹാസനത്തിൽ ഇരിക്കുകയില്ലേ? അപ്പോൾ സാക്ഷി സിംഹാസനം വിടരുത്. പല പല പുരുഷാർഥങ്ങൾ ചെയ്യുന്നവർ അതിൽ ക്ഷീണിക്കുന്നു. ഇന്ന് മനസാ ചെയ്തു, നാളെ വാചാ ചെയ്തു, സംബന്ധസമ്പർക്കത്തിന്റെ ചെയ്തു, അപ്പോൾ ക്ഷീണിക്കുന്നു. ഒറ്റ പുരുഷാർഥം ചെയ്യൂ- സാക്ഷിയും സന്തുഷ്ട സിംഹാസനധാരിയുമായിരിക്കണം. ഈ സിംഹാസനം ഒരിക്കലും ഉപേക്ഷിക്കരുത്. ഏതെങ്കിലും രാജാവ് ഇങ്ങനെ ഗൗരവത്തോടെ സിംഹാസനത്തിൽ ഇരിക്കുകയാണ്, ഇരിക്കുന്നത്, സിംഹാസനത്തിൽ എന്നാൽ വളരെ ക്രോധിയാണ്, പരുക്കനാണ് എങ്കിൽ നല്ലതായി തോന്നുമോ? പറയും -ഇത് രാജാവൊന്നുമല്ല. അപ്പോൾ താങ്കൾ സദാ സിംഹാസനധാരിയല്ലേ! ആ രാജാവ് ഇടയ്ക്ക് സിംഹാസനത്തിലിരിക്കുന്നു, ഇടയ്ക്ക് ഇരിക്കുന്നില്ല. എന്നാൽ സാക്ഷി സിംഹാസനം ഇങ്ങനെയാണ്- ഇതിലൂടെ ഓരോ കാര്യം ചെയ്തുകൊണ്ടും സിംഹാസനധാരി, ഇറങ്ങുവാൻ പാടില്ല. ഉറങ്ങുമ്പോഴും സിംഹാസനധാരി. നടക്കുമ്പോഴും കറങ്ങുമ്പോഴും , സംബന്ധസമ്പർക്കത്തിൽ വരുമ്പോഴും സിംഹാസനധാരി. സിംഹാസനത്തിലിരിക്കാൻ അറിയാമോ? തെന്നിപ്പോകുന്നുണ്ടോ.സാക്ഷിസിംഹാസനധാരിആത്മാവ് ഒരിക്കലും ഏതെങ്കിലും സമസ്യയിൽ പരവശപ്പെടുകയില്ല. സമസ്യ സിംഹാസനത്തിനടിയിലിരിക്കും, താങ്കൾ മുകളിൽ സിംഹാസനധാരിയായിരിക്കും. സമസ്യയ്ക്ക് താങ്കൾക്കു നേരെ ശിരസുയർത്താൻ കഴിയില്ല. താഴെ ഇഴഞ്ഞുകൊണ്ടിരിക്കും. താങ്കളെ പരവശപ്പെടുത്തുകയില്ല. ഉള്ളിൽ തന്നെ അവസാനിക്കുകയില്ലേ. അപ്പോൾ ബാപ്ദാദയ്ക്ക് ഇങ്ങനെയുള്ള സമയത്ത് ആശ്ചര്യം തോന്നുന്നു, താങ്കൾആശ്ചര്യപ്പെടേണ്ട. തനിക്കു നേരെ ചെയ്തോളൂ മറ്റുള്ളവരോടു

ചെയ്യേണ്ട. അപ്പോൾ ആശ്ചര്യം തോന്നുന്നു– എന്റെ കുട്ടികൾ എന്താണ് ചെയ്യുന്നത്! സിംഹാസനത്തിൽ നിന്ന് ഇറങ്ങുന്നു. സിംഹാസനധാരിയായിരിക്കുന്നതിന്റെ സംസ്കാരം ഇപ്പോഴെ ചെയ്യുകയാണെങ്കിൽ വിശ്വ സിംഹാസനത്തിലും ഇരിക്കും. ഇവിടെ സദാ കാലം സിംഹാസനധാരിയാകുകയില്ല എങ്കിൽ അവിടെയും സദാ അതായത് എത്ര സമയമാണോ മുഴുവൻ അത്രയും സമയം ഇരിക്കാൻ കഴിയില്ല. സംസ്കാരമെല്ലാം ഇവിടെ നിറയ്ക്കണം. പിന്നീട് അതേ നിറച്ച സംസ്കാരം സത്യയുഗത്തിൽ കാര്യം ചെയ്യുന്നു. റാജകീയതയുടെ സംസ്കാരം ഇപ്പോഴേ നിറയ്ക്കണം. ഇങ്ങനെ വിചാരിക്കരുത് ഇനി കുറച്ചു സമയമുണ്ട്, ഇപ്പോഴേ വിനാശം നടക്കേണ്ടതില്ല. ഇതുവിചാരിക്കരുത്. വിനാശം നടക്കണം അപ്രതീക്ഷിതമായി. ചോദിച്ചിട്ടല്ല വരിക, തയ്യാറാണോ! എല്ലാം അപ്രതീക്ഷിതമായി നടക്കണം. താങ്കൾ ബ്രാഹ്മണരായതും എങ്ങനെയാണ്? അപ്രതീക്ഷിതമായി സന്ദേശം ലഭിച്ചു, പ്രദർശനി കണ്ടു, സംബന്ധ സമ്പർക്കമുണ്ടായി, മാറി. കരുതിയിരുന്നോ ഈ തിയ്യതിയിൽ ബ്രാഹ്മണനാകും? പെട്ടെന്നല്ലേ നടന്നത്? അപ്പോൾ പരിവർത്തനവും പെട്ടെന്ന് നടക്കണം. താങ്കളെ ആദ്യം മായ പിന്നെയും അലസമാക്കും, വിചാരിക്കും ഞാൻ 2000 എന്നാണ് കരുതിയത്. അതും കഴിഞ്ഞുപോയി. ഇനി കുറച്ച് വിശ്രമിക്കാം. ആദ്യം മായ തന്റെ ജാലം പരത്തും, അലസരാക്കും. ഏതു കാര്യത്തിലായാലും, സേവനത്തിലായാലും, യോഗത്തിലായാലും, ധാരണയിലായാലും, സംബന്ധ സമ്പർക്കത്തിലായാലും ഇതൊക്കെ നടന്നോളും, ഇതു നടക്കുന്നുണ്ട്, ഇങ്ങനെ മായ ആദ്യം അലസമാക്കുവാൻ ശ്രമിക്കും. പിന്നെ പെട്ടെന്ന് വിനാശമുണ്ടാകും, പിന്നീട് പറയരുത്, ബാബ പറഞ്ഞില്ല, ഇങ്ങനെയും നടക്കുമെന്ന്! അതിനാൽ ആദ്യമേ കേൾപ്പിക്കുന്നു. ഒരിക്കലും ഒരു കാര്യത്തിലും ഏതു കാര്യത്തിലും അലസരാകരുത്. നാലു വിഷയത്തിലും ജാഗ്രത. ഇപ്പോഴും എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ ജാഗ്രത. ആ സമയത്ത് പറയരുത്, ബാപ്ദാദാ ഇപ്പോൾ വരൂ, ഇപ്പോൾ കൂട്ടു തരൂ, ഇപ്പോൾ കുറച്ച് ശക്തി തരൂ, ആ സമയത്ത് തരികയില്ല. ഇപ്പോൾ എത്ര ശക്തി വേണമോ എങ്ങനെ വേണമോ അത്രയും ശേഖരിച്ചോളൂ. എല്ലാവർക്കും തുറന്ന അനുവാദമുണ്ട്, തുറന്ന ഭണ്ഡാരമാണ്, എത്ര ശക്തി വേണമോ, ഏതു ശക്തി വേണമോ എടുത്തോളൂ. പരീക്ഷയുടെ സമയത്ത് ടീച്ചറോ പ്രിൻസിപ്പലോ സഹായിക്കുകയില്ല.

ഡബിൾ വിദേശി കുട്ടികളെ കണ്ട് ബാബയും ഡബിൾ സന്തുഷ്ടമാകുകയാണ്. എന്തുകൊണ്ടാണ്? എന്തെന്നാൽ ഡബിൾ വിദേശികൾക്ക് സ്വയത്തെ പരിവർത്തനം ചെയ്യുന്നതിൽ ഡബിൾ പരിശ്രമം ചെയ്യേണ്ടിവരുന്നു, അതിനാൽ ബാപ്ദാദ ഡബിൾ വിദേശി കുട്ടികളെ കാണുന്നതും ഡബിൾസന്തോഷിക്കുന്നു. ആഹാ എന്റെ ഡബിൾവിദേശി കുട്ടികളെ ആഹാ! ഡബിൾ വിദേശി കൈ ഉയർത്തൂ.(വിശ്വത്തിന്റെ അനേക രാജ്യങ്ങൾക്കടുത്തു നിന്ന് ആയിരം സഹോദരീസഹോദരന്മാർ സഭയിൽ ഉപസ്ഥിതരാണ്) ആഹാ വളരെ നല്ലത്. ഡബിൾ കയ്യടി നൽകൂ. ബാപ്ദാദ വിദേശത്തെ സേവന വാർത്ത കേട്ടുകൊണ്ടിരിക്കുന്നുണ്ട്, കണ്ടുകൊണ്ടിരിക്കുന്നു, ഫലത്തിൽ സേവനത്തിന്റെ ഉണർവുത്സാഹം വളരെ നല്ലതാണ്. കേവലം ഇടയ്ക്കിടെ തനിക്കു മേൽ സേവനത്തിന്റെ അൽപം ഭാരം എടുക്കുന്നു. ഭാരമെടുക്കാതിരിക്കൂ. ഭാരം ബാബയ്ക്കു നൽകൂ. ബാബയ്ക്ക് ആ ഭാരം ഒന്നും തന്നെയല്ല. എന്നാൽ താങ്കൾ സേവനത്തിന്റെ ഭാരമെടുക്കുന്നു എങ്കിൽ ക്ഷീണിക്കുന്നു, സേവനം വളരെ നന്നായി ചെയ്യുന്നു, സേവനത്തിന്റെ സമയത്ത് ക്ഷീണിക്കുന്നില്ല. ആ സമയം മുഖത്തിന്റെ ഫോട്ടോ വളരെ നല്ലതാണ് എടുക്കുന്നത്, എന്നാൽ ചില ചിലർ (എല്ലാവരുമില്ല) സേവനത്തിനു ശേഷം അൽപം ക്ഷീണത്തിന്റെ മുഖം കാണിക്കുന്നു. ബാബ പറയുന്നു ഭാരമെടുക്കുന്നതെന്തിനാണ്? എന്താ ഭാരമെടുക്കുക നല്ലതായി തോന്നുന്നുണ്ടോ അതോ ശീലമായിപ്പോയോ? ഭാരമെടുക്കാതിരിക്കൂ.ഭാരം അപ്പോഴാണ് തോന്നുക, എപ്പോഴാണോ ബാബ കൂടെയില്ലാത്തത്. ഞാൻ ചെയ്തു, ഞാൻ ചെയ്യുന്നു എങ്കിൽ ഭാരം വരുന്നു. ബാബ കൂടെയുണ്ട്, ബാബയുടെ കാര്യമാണ്. ബാബ ചെയ്യിക്കുകയാണ്, എങ്കിൽ ഭാരം ഉണ്ടാവുകയില്ല. ഭാരരഹിതരായി നൃത്തം ചെയ്യും. നൃത്തം വളരെ നന്നായി ചെയ്യാറുണ്ടല്ലോ. ഡബിൾ വിദേശികളുടെ ഡാൻസ് നോക്കിയാൽ വളരെ നല്ലതാണ്. സ്വയത്തെ ക്ഷീണിപ്പിക്കുന്നില്ല, മാലാഖയെപ്പോലെ ചെയ്യുന്നു. ഇന്ത്യക്കാർ ചെയ്യുമ്പോൾ അവർ കാൽ ക്ഷീണിപ്പിക്കുന്നു, കൈയും ക്ഷീണിപ്പിക്കുന്നു. എന്നാൽ വിദേശി ഡാൻസും ലൈറ്റായി ചെയ്യുന്നു. അപ്പോൾ ഇങ്ങനെ സേവനവും ഒരു ഡാൻസായി വിചാരിക്കൂ. കളിയെന്ന് വിചാരിക്കൂ, ക്ഷീണിക്കരുത്. ബാപ്ദാദയ്ക്ക് ആ ഫോട്ടോ നല്ലതായി തോന്നുന്നില്ല. സേവനത്തിൻറെ ഉണർവുത്സാഹം നല്ലതാണ്, ഇതും റിസൽറ്റ് ബാബയുടെ അടുക്കലുണ്ട്– ഇപ്പോൾ കുറേശ്ശെ പ്രശ്നത്തിൽ ഇളക്കത്തിൽ വരുന്നതിന്റെ ശതമാനം വളരെ കുറവാണ്. ഭൂരിപക്ഷം ശരിയാണ്, ബാക്കി കുറച്ചു പേർ ഇടയ്ക്കിടെ കുറെശ്ശെ ഇളക്കത്തിൽ കാണപ്പെടുന്നു. എന്നാൽ ആദ്യത്തെ റിസൽറ്റും ഇപ്പോഴത്തെ റിസൽറ്റും വളരെ നല്ല അന്തരമുണ്ട്. ഇങ്ങനെ കാണപ്പെടുന്നില്ലേ. ഇപ്പോൾ തീവ്രത വിട്ടുവരികയാണ്. ബാപ്ദാദയ്ക്ക് റിസൽറ്റ് കണ്ട് സന്തോഷമുണ്ട്.

ഇപ്പോൾ ചെറിയ ചെറിയ മൈക്കും തയ്യാറാകുകയാണ്. ഇപ്പോൾ ചെറിയ മൈക്കാണ്, എന്നാൽ ചെറുതിൽ നിന്ന് വലുതു വരെയും വരും. ബാപ്ദാദയ്ക്ക് ഓർമയുണ്ട്– ആദിയിൽ ഈ വിദേശി ടീച്ചർമാർ പറ

ഞ്ഞിരുന്നു– വിഐപികളെ കാണുക തന്നെ പ്രയാസമാണ്, വരുന്നത് വിടൂ, കാണാനേ ബുദ്ധിമുട്ടാണ്. ഇപ്പോഴോ സഹജമായി. എന്തെന്നാൽ താങ്കളും വിവിഐപികളായി. താങ്കൾക്കു മുന്നിൽ വിഐപികളെ ന്താണ്! വിദേശത്തെ ആകെ റിസൽറ്റ് നല്ലതാണ്. സെന്ററുകളും നല്ലത്, അഭിവൃദ്ധി പ്രാപ്തമാക്കിക്കൊണ്ടി രിക്കുകയാണ്. ഭാരതത്തിൽ കൈകൾ ഇല്ല, ഇല്ലെങ്കിൽ ഭാരതത്തിലും സേവാകേന്ദ്രങ്ങൾ ധാരാളം തുറക്കു മായിരുന്നു. ഓരോരോ സോണിലുള്ളവർ പറയുന്നു– കൈകൾ ഇല്ല. ഇപ്പോൾ ഈ വർഷം കൈകളെ പുറത്തിക്കാനുള്ള സേവനം ചെയ്യൂ. കൈകളെ ചോദിക്കാതിരിക്കൂ, ഇറക്കൂ. ഇനിയും ദാനപുണ്യങ്ങൾ ചെയ്യൂ.

വിദേശത്ത് ഇത് വളരെ നല്ല മാർഗമാണ്. എവിടെ സെന്റർ തുറന്നാലും അവിടത്തെ ലൗകിക കാര്യവും ചെയ്യുന്നു, സെന്ററും നടത്തുന്നു. എങ്ങനെ നടക്കും, ആര് നടത്തും, ഈ പ്രശ്നം കുറവാണ്. താങ്കൾ ഇതു വിചാരിക്കരുത്, ഞങ്ങൾ ലൗകിക ജോലി എന്തിനു ചെയ്യണം! ഇതു താങ്കളുടെ സേവനത്തിന്റെ സാധനമാണ്. ലൗകികകാര്യമല്ല ചെയ്യുന്നത്, എന്നാൽ അലൗകിക കാര്യത്തിന് നിമിത്തമാകുന്നതിന് ലൗകിക കാര്യം ചെയ്യുകയാണ്. എവിടെ പോകുമ്പോഴും അവിടെ സെന്റർ തുറക്കാനുള്ള ഉണർവില്ലേ. അപ്പോൾ ലൗകിക കാര്യം എപ്പോൾ വരെ ചെയ്യും– ഇത് ചിന്തിക്കാതിരിക്കൂ. ലൗകിക കാര്യം അലൗകികകാര്യ നിമിത്തം ചെയ്യുന്നുവെങ്കിൽ താങ്കൾ സമർപ്പണമാണ്. ലൗകികത ഇല്ല അലൗകികതയാണ് എങ്കിൽ ലൗകിക കാര്യവും സമർപ്പണമാണ്. ലൗകിക കാര്യത്തെ വിട്ട് സമർപ്പണസമാരോഹ് ആഘോഷിക്കണം– ഈ കാര്യമില്ല. ഇങ്ങനെ ചെയ്യുന്നതിലൂടെ എങ്ങനെ അഭിവൃദ്ധിയുണ്ടാകും? അതിനാൽ ലൗകിക കാര്യം ചെയ്തും അലൗകിക കാര്യത്തിന് നിമിത്തമാകുന്നു, അപ്പോൾ ആര് നിമിത്ത ലൗകികമെന്ന് കരുതുന്നു, കഴിയുന്നത് അലൗകികത്തിലാണ്, ഇങ്ങനെയുള്ള ആത്മാക്കൾക്ക് ഡബിൾ അല്ല കോടി ആശംസകൾ. വെറും ട്രസ്റ്റി യായിരിക്കുക, ഞാൻ എന്ന ഭാവം വരരുത്. ഞാൻ ഇത്രയും ജോലി ചെയ്യുന്നുണ്ട്, ഞാനെന്ന ഭാവമല്ല, ചെയ്യിക്കുന്നയാൾ ചെയ്യിക്കുകയാണ്. ഞാൻ ഉപകരണമാണ്. ശക്തിയുടെ ആധാരത്തിൽ പൊയ്ക്കൊ ണ്ടിരിക്കുകയാണ്. ശരി

ഇന്ന് ഡബിൾവിദേശികളുടെ ടേൺ അല്ലേ. താങ്കൾക്കും ഡബിൾവിദേശികളെ കണ്ട് സന്തോഷമാകു ന്നില്ലേ! അപ്പോൾ എല്ലാ ഡബിൾവിദേശികളും സന്തുഷ്ടരല്ലേ. കയ്യടിക്കൂ. ഇപ്പോൾ മധുബനിൽ മായ വരു ന്നില്ല അല്ലേ ?

ശരി, ഒരു സെക്കൻഡ് തീർത്തും ബാപ്സമാൻ അശരീരിയാകാൻ കഴിയുമോ? അപ്പോൾ ഒരു സെക്കൻഡിൽ ബിന്ദുവിടൂ. അശരീരിസ്ഥിതിയിൽ സ്ഥിതി ചെയ്യൂ.(ബാപ്ദാദ 3 മിനിറ്റ് ഡ്രിൽ ചെയ്യിച്ചു). ശരി ഈ മുഴുവൻ ദിവസത്തിൽ പല തവണ അഭ്യാസം ചെയ്തുകൊണ്ടിരിക്കൂ.

നാനാഭാഗത്തെയും സർവ മായാജീത്ത്, പ്രകൃതിജീത്ത്, സാക്ഷിസ്ഥിതിയുടെ സിംഹാസനധാരി, കൂട്ടുകാ രന്റെ കൂട്ട് സദാ അനുഭവം ചെയ്യുന്നവരായ, സദാ ദൃഢതയോടെ സഫലതയുടെ കഴുത്തിലെ മാലയാകു ന്നവരായ, സദാ ബാപ്സമാൻ ലൈറ്റായി കഴിയുന്ന, സദാ തന്റെ ശക്തിയിലൂടെ വിശ്വത്തെ ദു:ഖ–അശാ ന്തിയുടെ ദുർബലതയിൽ നിന്ന് വിടുവിക്കുന്ന മാസ്റ്റർ സുഖസാഗരം, സന്തോഷത്തിന്റെ സാഗരം, സ്നേഹ ത്തിന്റെ സാഗരം, ജ്ഞാനത്തിന്റെ സാഗരമായ ബാബയ്ക്കു സമാനമായ കുട്ടികൾക്ക് സ്നേഹസ്മരണ, നമസ്തേ

## വരദാനം: തിരിച്ചറിയുന്നതിന്റെ അഥവാ നിർണയിക്കുന്നതിന്റെ ശക്തിയിലൂടെ സേവന ത്തിൽ സഫലത പ്രാപ്തമാക്കുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ

ആര് തിരിച്ചറിയാനുള്ള ശക്തിയിലൂടെ ബാബയെ, അവനവനെ, സമയത്തെ, ബ്രാഹ്മണപരിവാരത്തെ, തന്റെ ശ്രേഷ്ഠ കർത്തവ്യത്തെ തിരിച്ചറിഞ്ഞ് നിർണയിക്കുന്നത്, എന്താകണം, എന്തു ചെയ്യണം, അതേ സേവനം ചെയ്തും, കർമം അഥവാ സംബന്ധ സമ്പർക്കത്തിൽ വന്നും സദാ സഫലത പ്രാപ്തമാക്കുന്നു. മനസാ വാചാ കർമണാ ഓരോ പ്രകാരത്തിലെ സേവനത്തിൽ സഫലതാമൂർത്തിയാകുന്നതിനുള്ള ആധാ രമാണ് തിരിച്ചറിയാനും നിർണയിക്കാനുമുള്ള ശക്തി.

## സ്ലോഗൻ: ജ്ഞാനയോഗത്തിന്റെ ലൈറ്റ്, മൈറ്റിലൂടെ സമ്പന്നമാകൂ എങ്കിൽ ഏത് പരിത സ്ഥിതിയെയും സെക്കൻഡിൽ മറി കടക്കാം.